24
ഞായാർ
പേജ്- 6
ഡിസംബർ
Vol. 2 Issue 323

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

694

## മുദ്രാവാക്യം തടഞ്ഞു;

# കന്യാസ്ത്രീകൾക്കെതിരെ കേസ്

**വിദ്യാർഥികൾ സ്കൂൾ കോമ്പൗണ്ടിൽ മതപരമായ മുദ്രാവാക്യങ്ങൾ വിളിച്ചത് തടഞ്ഞതാണ് കേസിന് ആധാരം.**



എഡിറ്റോറിയൽ

# ക്രിസ്ത്യൻ ലൈവ്

2023 ഡിസംബർ 24 ഞായർ

## ഇസ്രായേലെ, നീ ഭാഗ്യവാൻ, നിനക്കു തുല്യൻ ആർ?

**ദൈ**വം തിരഞ്ഞെടുത്തവർ ഭാഗ്യമുള്ളവരാണ്. യഹോവ ദൈവമായിരിക്കുന്ന ജനവും അവൻ തനിക്കവകാശമായി തിരഞ്ഞെടുത്തിരിക്കുന്ന ജാതിയും ഭാഗ്യമുള്ളത്. യഹോവയുടെ ന്യായപ്രമാണത്തിൽ സ്ന്തോഷിച്ച്, രാപ്പകൽ അതിനെ ധ്യാനിക്കുന്നവർ ഭഗ്യവാന്മാർ. ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയ മനുഷ്യൻ ഭാഗ്യവാൻ, യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്നവർ ഭാഗ്യവാന്മാർ. ഇസ്രായേൽ ദൈവത്തിന്റെ സ്വന്ത ജനമാണ്. ദൈവം ഒരുവനെ ഏകനായി വിളിച്ചിറക്കി, വാഗ്ദത്തങ്ങൾ കൊടുത്ത് ഉറപ്പിച്ച് ഒരു കുടുംബമാക്കി, കുലമാക്കി,ഗോത്രങ്ങളാക്കി, സമൂഹമായി ഒരു രാഷ്ട്രമാക്കി തീർത്തു. ഒരിക്കൽ യാക്കോബായിരുന്ന മനുഷ്യൻ ജീവിതത്തിലെ കുറവുകളെ കണ്ണീരോടെ അനുതാപത്തോടെ ഏറ്റുപറഞ്ഞ് പുതുജീവിതത്തിനായി സമർപ്പിച്ചപ്പോൾ പേരുമാറി, ഇസ്രായേൽ (ദൈവത്തിന്റെ പ്രഭു) എന്നായി. ദൈവം അനുഗ്രഹിച്ചാൽ, രൂപാന്തരം വരുത്തിയാൽ അതിനു തുല്യമായി ആരുമില്ല. നാം ഓരോരുത്തരും ദൈവത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിത വർഗ്ഗവും സ്വന്തജനവും വിശുദ്ധ വംശവും കരുണ ലഭിച്ചവരും അത്ഭുതപ്രകാശത്തിൽ നടക്കുന്നവരുമാണ് (1. പത്രോ.2:910). നമ്മെപ്പോലെ ഭാഗ്യവാന്മാർ ആരുണ്ട്? ദൈവം തിരഞ്ഞെടുത്തവർക്ക് തുല്യരായി ആരുണ്ട്? നമ്മുടെ ദൈവത്തെപ്പോലെ വലിയ ദൈവം ആരുമില്ല . നിരാശകൾ മാറ്റിവച്ച് ഉറക്കെ ഉറക്കെ പറയുക ഞാൻ ഭഗ്യവാൻ, എനിക്ക് നന്മ വരും. പർവ്വതങ്ങൾ മാറിപ്പോയാലും കുന്നുകൾ നീങ്ങി പോയാലും ദൈവത്തിന്റെ വചനങ്ങൾക്ക് ഒരു മാറ്റവും വരികയില്ല. ആഭിചാരം ഇസ്രായേലിനു ഫലിക്കയില്ല, ലക്ഷണ വിദ്യ നിന്നോടടുക്കയില്ല. നീ ദൈവത്തിനു ശ്രേഷ്ഠനും മാന്യനുമാണ്. സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹങ്ങളുാലും ദൈവം നിന്നെ അനുഗ്രഹിച്ചിരിക്കുന്നു.



പാസ്റ്റർ ഷിബു തോമസ് ഓക്ലഹോമ


## വചനത്തിൽ കൂടി കാണുന്ന ദൈവം

ദൈവവചനം എന്റെ ജീവനും ജീവന്റെ ആധാരവുമാണെന്ന് ഒറ്റവാക്കിൽ പറയാൻ സാധിക്കും. പ്രതിസന്ധികൾ നിറഞ്ഞ ലോകത്തിൽ തളരുന്ന നേരത്ത് അത് എന്നെ ബലപ്പെടുത്തുക മാത്രമല്ല സന്തോഷിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. അതിവിശുദ്ധവും സത്യവുമാകുന്ന വചനം കർത്താവിൽ നിന്ന് അകലം വിട്ടു പോകാതെ എന്നെ ഉപദേശിച്ച് പാപബോധം നൽകി നല്ല വഴിയിൽ നടത്തുന്നു. ആഴമോ നീളമോ . വീതിയോ അളന്നുകൂടാത്ത സ്നേഹത്താൽ എന്നെ കരുതുന്ന ദൈവത്തെ വചനത്തിൽ കൂടി കാണുന്നു. ആയതിനാൽ നിന്റെ ന്യായപ്രമാണം എനിക്ക് എത്രയോ പ്രിയം ഇടവിടാതെ അതെന്റെ ധ്യാനം ആകുന്നു' എന്ന്' എനിക്ക് ഉറപ്പോടെ പറയാൻ കഴിയും.



അജിത സാജൻ
ഫുൾ ഗോസ്പൽ ചർച്ച് ഓഫ് ഗോഡ്, ദുബൈ

ക്രിസ്റ്റ്യൻ ലൈവ് യുഎഇ എഴുത്തു മത്സരം




AL QTR TOURISM
Quality Tourism Resources

## പത്തനാപുരത്ത് 13.75 സെന്റ് സ്ഥലം വില്പനയ്ക്ക്

(For Urgent Sale)

പ്രശാന്ത സുന്ദരമായ പത്തനാപുരം ശാലേംപുരം (ഇരുപത്തി ആറാം കുറ്റി) ചെങ്കിലാത്തു റൂട്ടിൽ( ഐപിസി ചർച്ചിനും എ ജി ചർച്ചിനും) ഇടയിൽ നല്ല ഹൗസ് പ്ലോട്ട് ഉടൻ വില്പനയ്ക്ക്. 13.75സെന്റ്.2 വീടുവെയ്ക്കാൻ വളരെ അനുയോജ്യമായ നല്ല ഫ്രണ്ടേജ് .
ടാർ റോഡ്, ക്രിസ്ത്യാനി ഏരിയ,വെള്ളപൊക്കം ഇല്ലാത്ത ഏരിയ,വൈദ്യുതി, വെള്ളം,വഴി തുടങ്ങിയ എല്ലാ സൗകര്യവുമുണ്ട്. താല്പര്യമുള്ളവർ നേരിട്ട് വിളിക്കുക.

ഫോൺ: +971506948206 (അബുദാബി)
+919526713475 (വാട്സ്ആപ്പ്)

Christian Live (Malayalam) Advertisement Tariff

**Full Page**
Front – 5000 INR
Back – 4000 INR
Inside- 3000 INR

**Quarter Page**
Front - 1250 INR
Back - 1000 INR
Inside- 750 INR

**Half Page**
Front - 2500 INR
Back- 2000 INR
Inside -1500 INR

**Half of Quarter Page**
Front - 750 INR
Back - 500 INR
Inside- 250 INR

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

ക്രിസ്തുമസ് സന്ദേശം

## ക്രിസ്തു: മനുഷ്യരാശിക്കുള്ള ദൈവത്തിന്റെ സമ്മാനം



സിസ്റ്റർ റ്റിജി കോശി

**ദൈ**വം തന്റെ മകനെ ഭൂമിയിലേക്ക് അയക്കാൻ ഒരു സ്ത്രീയിലൂടെ ജന്മം കൊടുക്കുവാൻ ഇടയായി. ദൈവത്തിന് തന്റെ മകനെ സാക്ഷാൽ ദൈവപുത്രനായി തന്നെ അയക്കാമായിരുന്നു. പക്ഷേ അപകടസാധ്യതയുള്ള ഒരു വഴി തിരഞ്ഞെടുത്തതെന്തിനാണ്? ഒരു ശിശുവിന് നല്ല പരിചരണം ആവശ്യമാൺ നല്ല ഉറക്കവും ഭക്ഷണവും വസ്ത്രങ്ങളും വേണം!! മറിയയുടെ കാലത്തു പ്രസവാനന്തരമുള്ള അമ്മമാരുടെ മരണം വളരെ കൂടുതൽ ആയിരുന്നു! ശിശുമരണവും!

പക്ഷേ ദൈവപുത്രന് ജനിക്കുവാൻ ഒരു പശുത്തൊട്ടിയാണ് ഒരുങ്ങിയത്. കാരണം നമ്മെ രക്ഷിക്കുവാൻ യേശുവിനു നമ്മെ പോലെ ആകേണ്ടതായിരുന്നു ദൈവത്തിന്റെ ഏറ്റവും വലിയ സമ്മാനം നമ്മുക്ക് വേണ്ടി തരുവാൻ ദൈവം ഏറ്റവും താഴ്ചയായ അനുഭവം തിരഞ്ഞെടുത്തു.

പൂർണ്ണമായി ദൈവം ആയിരിക്കുമ്പോൾ തന്നെ ദൈവം മനുഷ്യനായി എന്നതാണ് ക്രിസ്തുമസിന്റെ മർമ്മം. ഇത് മാനുഷിക വ്യാഖ്യാനങ്ങൾക്കതീതമാൺ എന്നാൽ ദൈവത്തിന്റെ സമ്പൂർണ്ണ ജ്ഞാനത്തിൽ അത് യുഗങ്ങളുടെ പദ്ധതിയായിരുന്നുഈ ശിശു ആരാണ്? അതെ ദൈവപുത്രനായ കർത്താവായ യേശു ക്രിസ്തു . മനുഷ്യ ജന്മം എടുത്ത ദൈവം. നമ്മെ അത്രയധികം സ്നേഹിച്ചതുകൊണ്ടാണ് ദൈവം പുത്രനെ തന്നത്!

ആഘോഷങ്ങളിൽ ലോകം നിറഞ്ഞു നിൽക്കുമ്പോൾ ... അതിന്റെ കാരണമായ രക്ഷാപദ്ധതി അറിയാതെ പോകരുത്! നമ്മുടെ പാപങ്ങൾക്കുവേണ്ടി , ശാപത്തിനുവേണ്ടി , രോഗത്തിനുവേണ്ടി അതെല്ലാം തന്റെ മേൽ വഹിച്ചു. നമ്മുക്കുവെണ്ടി ഭൂമിയിലേക്ക് വന്നു. യാഗമായിത്തീർന്ന യേശുവിലൂടെ മാത്രമേ ജീവരക്ഷ പ്രാപിക്കുവാൻ കഴിയുകയുള്ളു. ഈ ക്രിസ്തുമസ് ദിനത്തിൽ ഈ രക്ഷ യുടെ അനുഭവം അറിയാതെയാണ് താങ്കൾ ക്രിസ്തുമസ് ആഘോഷിക്കുന്നതെങ്കിൽ ഈ യേശുവിന്റെ യഥാർത്ഥ സ്നേഹത്തിലേക്ക് കടന്നുവരുവാൻ യേശു താങ്കളെ ക്ഷണിക്കുന്നു .... യേശു നിങ്ങളെ സ്നേഹിക്കുന്നു നിത്യ സ്നേഹവും സമാധാനവും തരുവാൻ ആഗ്രഹിക്കുന്നു ഈ നല്ല യേശുവിനോടു കൂടി വസിക്കുവാൻ തീരുമാനിക്കുന്നു എങ്കിൽ നിങ്ങളെ കർത്താവിനായി സമർപ്പിക്കുക. ക്രിസ്തുമസിന്റെ യഥാർത്ഥ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് ഈ ക്രിസ്തുമസ് ദിനത്തിൽ ആയിരിപ്പാൻ ദൈവം സഹായിക്കട്ടെ പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിനു സ്തോത്രം. 2കൊരി:9:15.

EDITORIAL BOARD

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas ,
Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

ഞായർ ചിന്തകൾ



# രാവിന്റെസംഗീതം

ഷാജൻ പാറക്കടവിൽ.

**രാ**ത്രിയിൽ ഞാൻ എന്റെ സംഗീതം ഓർക്കുന്നു ; എന്റെ ഹൃദയം കൊണ്ട് ഞാൻ ധ്യാനിക്കുന്നു ; എന്റെ ആത്മാവും ശോധന കഴിക്കുന്നു. സങ്കീർത്തനങ്ങൾ 77.6.

ഓരോ രാവും ജനിക്കുന്നത് ഓരോ അസ്തമയത്തോട്കൂടിയാണെങ്കിൽ ,ഓരോ രാവുകളും അസ്തമിക്കുന്നത് ഓരോ ഉദയത്തോട്കൂടിയാണ്. ചിലർക്ക് രാവുകൾ വേഗത്തിൽ അസ്തമിച്ചിരുന്നെങ്കിൽ എന്ന് ചിന്തിക്കുമ്പോൾ മറ്റ്ചിലർക്ക് പുലരിയുടെപുതുമയെപുണരാൻ ആണ് താല്പര്യം. എന്നാൽ ഇന്ന് ബഹുഭൂരിപക്ഷം ആളുകൾക്കുംരാവിന്റെ ഇരുളിമയിൽ ഒളിമാടങ്ങൾ തീർക്കാനാണ് ഇഷ്ടം. അവരുടെ ചിന്തകൾക്കും ചെയ്തികൾക്കും കൂടുതൽ ചാരുതയേക്കാനും, വർണാഭമായ ഇടങ്ങൾ ഒരുക്കി ആസ്വാദനത്തിന് ലോകത്തിൽ സ്വയം രമിക്കാനും, മറ്റുള്ളവർക്ക് വേദിയൊരുക്കാനും ഇക്കൂട്ടർ ശ്രമിക്കുമ്പോൾ, ചിലരെങ്കിലും രാവുകൾ ധ്യാനാത്മകമാക്കനും, ജീവിതത്തിൽ നിർണ്ണായകമായ തീരുമാനങ്ങളുടെ അന്തിമവിധി പ്രഖ്യാപിക്കുന്നതിനു മുൻപ് മുന്നൊരുക്കം നടത്താനും, നന്മയുടെ കേദാരങ്ങൾ ആയിത്തീരാൻ സ്വയം വിലയിരുത്താനും, ജീവിതത്തെ ശോധന ചെയ്യുവാൻ രാവുകൾപരിഗണിക്കുന്നു.

ക്രിസ്തുവിനെ ജീവിതത്തിന്റെ നാൾവഴികൾ ശ്രദ്ധാപൂർവ്വം വീക്ഷിച്ചാൽ രാവുകളുടെ പ്രസക്തി ഏറെ എന്ന്കാണാൻകഴിയും. അത് ജനനം മുതൽ മരണം വരെയും യഥേഷ്ടം. ലോകരക്ഷകന്റെപിറവിയുടെപ്രഖ്യാപനം രാവിന്റെശീതളച്ഛായയിൽ ആയിരുന്നു. അനന്തരം മാലാഖ വൃന്ദത്തിന്റെ ഗാനാലാപനവും , ഇടയന്മാരുടെ സന്ദേശ സ്വീകരണവുംശിശുവിനെവണങ്ങലും, വിദ്വാന്മാരുടെ അന്വേഷണവും നമസ്കരവും തുടർന്ന് അരങ്ങേറിയ പല സംഭവങ്ങളും രാവിന്റെ പശ്ചാത്തലത്തോടുകൂടി ആയിരുന്നു.പിന്നീട് നാം ദർശിക്കുന്നത്അനുയായികളെ തെരഞ്ഞെടുക്കുന്നതിലും,തന്റെ പ്രവർത്തിയിലും, സഞ്ചാര പഥങ്ങളിലും, പ്രഭാഷണങ്ങളിലും, ഒടുവിൽ മനോവ്യഥയോടുകൂടിയപാനപാത്ര സ്വീകരണത്തിലും,വിചാരണയിലുംഅന്തിമ അന്തിമവിധി പ്രഖ്യാപനത്തിലുംരാവ് പ്രമുഖ സ്ഥാനം വഹിച്ചു. സകലതും നിവർത്തിയായി എന്ന് ഉറക്കെ പറഞ്ഞു പ്രാണൻവിടുമ്പോൾലോകംഇരുളിൽ. ഉയർപ്പിൻ സന്ദേശം ലോകം സ്വീകരിക്കുമ്പോൾ രാവ്മെല്ലെ കണ്ണടച്ചു പുലരി മിഴി തുറന്നു. ക്രിസ്തുവിന്റെ ജീവിതപാതയോരങ്ങളിൽ എന്നും പശ്ചാത്തലമൊരുക്കി നിന്നിരുന്നുരാവുകളെ ജാഗരണത്തിന്റെ മേഘചാർത്തുകളായി കാണാനും, ദൈവേഷ്ടങ്ങൾ തിരിച്ചറിയപ്പെടുന്ന നിമിഷങ്ങളായും, ധ്യാനാത്മകമായ ഒരു ജീവിതത്തിന്റെ ഉരകല്ലായും ക്രിസ്തു കണ്ടിരുന്നു. ഏതൊരു വ്യക്തിക്കും സ്വീകരിക്കാവുന്ന കരണീയമായമാതൃക.

രാവുകളുടെ നിശബ്ദതയിൽ ആണ് സങ്കടപ്പെടാനും, പതംപറഞ്ഞു പരാതിപ്പെടാനും, ഉള്ളിൽ തളംകെട്ടിയ നെടുവീർപ്പുകളെകെട്ടിച്ചുവിട്ട്ഏങ്ങിയേങ്ങികരയാനും, കരഞ്ഞുകലങ്ങിയ മിഴികളിൽ ഒടുവിൽ സംതൃപ്തിയുടെ സന്തോഷാശ്രുക്കൾ പൊഴിക്കാനും കരിമ്പടം പുതച്ചരാവുകൾ നമുക്ക് എത്രയോ പഥ്യം.

ഓരോ രാവുകളും ഓരോപിറവികളുടെയും തൊട്ടിലാണ്.തിന്മയുടെമൂർത്തി ഭാവങ്ങൾ ഉന്മൂലനം ചെയ്യുവാൻപിറവികൊണ്ടതും രാവിന്റെ മടിത്തട്ടിലാണ്.രാവ്എന്നുംആനന്ദമാണ്, അത് ആത്മാനുഭൂതിയും അഭിലഷണീയമാകുകയും ചെയ്യും. നമുക്ക് കൂടുതൽ പ്രേമസംഗീതമാകണംഓരോ രാവുകളും. പിറവികളുടെ പുതുസംഗീതം ഹൃദയതന്ത്രികളുടെനാദങ്ങളായി മാറുന്നത് ഏറെ ഹൃദ്യമാകുമ്പോഴാണ്. ഏകാന്തതയുടെ താഴ്വാരങ്ങളിൽഹൃദയതമ്പുരുവിൽസാന്ത്വന സംഗീതംഉയരുന്നതും രാവുകളിലാണ്.ധ്യാനാത്മകമായ രാവുകളിൽപരിസരങ്ങളിൽ പോലും മറക്കുമ്പോൾനമ്മുടെ ഹൃദയങ്ങളിലേക്ക് എത്തുന്ന ശുദ്ധ സംഗീതമായിദിവ്യവചസുകൾപുതിയ ഭൂമിക തീർക്കുന്നതുംരാവിന്റെ തീരുമാനങ്ങളിലൊന്നാണ്. ഓരോ രാവുകളിലും തിരുപിറവികളുടെ ആഘോഷ പെരുക്കങ്ങൾ ഉയർന്നു കേൾക്കട്ടെ. നമുക്കും പിറവികളിൽ ഒരിടമായി മാറാം.

രാവിന്റെഇരുളിമയിൽസങ്കീർത്തനം കാരന്റെ ഭാഷ്യത്തിൽ,രാവിന്റെസംഗീതത്തിൽ ഹൃദയ വികാരങ്ങളെയും വിചാരങ്ങളെയും ഞാൻ ഞാൻ ധ്യാനാത്മകം ആക്കുകയും സ്വയം ശോധനയ്ക്ക് വിധേയപ്പെടുത്തുവാനും രാവുകൾക്ക് കഴിയട്ടെ.അതെ, നിശയുടെ നിശബ്ദതയിൽ പ്രാർത്ഥിച്ചുണർത്തിയസംഗീതം പോലെ നമ്മുടെ ജീവിതം ധ്യാനാത്മക മാറട്ടെ.

കവിത

# കുടുംബം





കെ എം ഏബ്രഹാം കവിരായിൽ

**കൂ**ടുമ്പോൾ ഇമ്പമായാൽ കുടുംബം പക്ഷേ
നാമിന്നു കൂടിടുമ്പോൾ ഇമ്പമോഅതോ തുമ്പമോ
ഒന്ന് തിരിഞ്ഞു ചിന്തിക്കാം
പ്രിയമുള്ളവരെ ഒന്നു തിരിഞ്ഞു ചിന്തിയ്ക്കാം

കാൺമീൻ സഹോദരന്മാർ ഒത്തുവസിച്ചിടുവ
തെത്ര മനോഹരവുമെത്ര ശുഭവുമതാൽ
ഒന്നു തിരിഞ്ഞു ചിന്തിക്കാം
പ്രിയമുള്ളവരെ ഒന്നു തിരിഞ്ഞു ചിന്തിയ്ക്കാം

ആശിഷവുമനന്ത ജീവനുമുണ്ടവിടെ
ആ ഭാഗ്യ ജീവിതം നമ്മുക്കായൊരുക്കിയതാൽ
ഒന്ന് തിരിഞ്ഞു ചിന്തിക്കാം
പ്രിയമുള്ളവരെ ഒന്നു തിരിഞ്ഞു ചിന്തിയ്ക്കാം

നാമിന്നനുഭവിക്കും നന്മകളൊക്കെയും
നൽനാഥൻ നമ്മുക്ക് ദാനം നൽകിയ തെന്നറിഞ്ഞി
ട്ടൊന്നു തിരിഞ്ഞു ചിന്തിക്കാം
പ്രിയമുള്ളവരെ ഒന്നു തിരിഞ്ഞു ചിന്തിയ്ക്കാം

പള്ളി നമ്മുക്കിന്നുണ്ട്, പട്ടക്കാരേറെയുണ്ട്
പക്ഷെ നടപ്പതു നാം നാഥന്റെ പാതയിലോ?
ഒന്നു തിരിഞ്ഞു ചിന്തിക്കാം
പ്രിയമുള്ളവരെ ഒന്നു തിരിഞ്ഞു ചിന്തിക്കാം

നാലും കൂടെയുള്ള ജംഗ്ഷനിൽ എത്തി
നില്പു
പാതയറിഞ്ഞീടാതെ നാമിന്നലഞ്ഞീടുമ്പോൾ
ഒന്നു തിരിഞ്ഞു ചിന്തിക്കാം
പ്രിയമുള്ളവരെ ഒന്നു തിരിഞ്ഞു ചിന്തിക്കാം

നാം നടക്കേണ്ട പാത പണ്ടേ തെളിഞ്ഞിരിപ്പൂ
ജറമിയ ആറിൽ പതിനാറെത്രയേ വ്യക്തമതാൽ
ഒന്നു തിരിഞ്ഞു ചിന്തിക്കാം
പ്രിയമുള്ളവരെ ഒന്നു തിരിഞ്ഞു ചിന്തിക്കാം.

ക്രിസ്ത്യൻലൈവ് ദിനപത്രം

## കുടുംബപ്രാർത്ഥനാ സഹായി

ആഫ്രിക്കയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം.

### സീഷെൽസ്

തലസ്ഥാനം:
വിക്ടോറിയ
ജനസംഖ്യ:
107,660
പ്രസിഡണ്ട്:
വാവേൽ
രാംകാലാവാൻ
മതം :
ക്രിസ്തുമതം



ഇന്നത്തെ പ്രാർത്ഥനാ വിഷയങ്ങൾ

- ക്രിസ്ത്യാനികളാണ് ഭൂരി പക്ഷവും. പക്ഷേ ദൈവവചനത്തിന് വിരുദ്ധമായ പല മാന്ത്രിക വിദ്യകളും ഇവർക്കിടയിലുണ്ട്.
- ജനത്തിന് പരിശുദ്ധാത്മാവിന്റെ യഥാർത്ഥ പ്രകാശനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
- രാജ്യത്ത് പുതിയ നിയമം ഇവരുടെ മാതൃ ഭാഷയിൽ പല സ്ഥലങ്ങളിലും ലഭ്യമല്ല! ഇതിന് ക്രമികരണം ഉണ്ടാകണം. പ്രാർത്ഥിക്കുമോ?.
- ദ്വീപുകളിൽ താമസിക്കുന്ന ജനം ക്രിസ്തുവിനെ കുറിച്ച് ഇനിയും കേൾക്കേണ്ടതുണ്ട്. മിഷണറിമാരെ ദൈവം അയക്കേണ്ടതിനായി പ്രാർത്ഥിക്കുമോ?

നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ
വാട്സാപ് ചെയ്യുക:
Contact us: +91 98465 52220,
+91 99619 33322

ആവശ്യമുണ്ട്

മധ്യതിരുവിതാംകൂറിലെ ഒരു ക്രിസ്തീയ മാധ്യമ സ്ഥാപനത്തിൽ പ്രവർത്തിക്കാൻ പത്രപ്രവർത്തനത്തിൽ താല്പര്യമുള്ളയാളിനെ ആവശ്യമുണ്ട്. മലയാള ഭാഷയിലുള്ള അറിവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത.
Contact 9645335275

ആവശ്യമുണ്ട്

കുമ്പനാട് പുല്ലാടിനടുത്തുള്ള വീട്ടിൽ മാതാവിനൊപ്പം വിശ്വസ്തതയോടെ താമസിക്കുവാൻ താല്പര്യമുള്ള പെന്തക്കോസ്ത് വിശ്വസിയായ സഹോദരിയെ ആവശ്യമുമുണ്ട്. മാന്യമായ ശമ്പളം നൽകുന്നതാണ്.
ഫോൺ 0091 9495978594
വാട്സാപ് : 00973 33276757, 7907955537

## മുദ്രാവാക്യം തടഞ്ഞു; കന്യാസ്ത്രീകൾക്കെതിരെ കേസ്

ഭോപ്പാൽ: സ്കൂളിൽ മതപരമായ മുദ്രാവാക്യം വിളിച്ചത് തടസപ്പെടുത്തിയെന്നാരോപിച്ച് മധ്യപ്രദേശിൽ കന്യാസ്ത്രീകൾക്കെതിരെ കേസ്. മലയാളി കന്യാസ്ത്രീകൾക്കെതിരെയാണ് മധ്യപ്രദേശ് പൊലീസ് കേസെടുത്തത്. മധ്യപ്രദേശിലെ ഗഞ്ച് ബസോദ ഭാരത് മാതാ കോൺവെന്റ് സ്കൂളിലെ രണ്ട് കന്യാസ്ത്രീകൾക്കെതിരെ രണ്ടുമാസം മുമ്പ് നടന്ന സംഭവത്തിലാണ് കേസെടുത്തിരിക്കുന്നത്. വിദ്യാർഥികൾ സ്കൂൾ കോമ്പൗണ്ടിൽ മതപരമായ മുദ്രാവാക്യങ്ങൾ വിളിച്ചത് തടഞ്ഞതാണ് കേസിന് ആധാരം.

## ഐപിസി വാളകം സെൻ്റർ 95-ാമത് കൺവൻഷൻ

കോലഞ്ചേരി : ഐപിസി വാളകം സെൻ്റർ 95-ാമത് കൺവൻഷൻ ജനുവരി 2 വൈകിട്ട് 6 മുതൽ 7 ഉച്ചയ്ക്ക് 1 മണി വരെ വാളകം സെൻ്റർ ഹെബ്രോൻ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ കെ.വി. പൗലോസ് സമർപ്പണശുശ്രൂഷ നിർവ്വഹിക്കുന്ന കൺവൻഷനിൽ പാസ്റ്റർമാരായ ദാനിയേൽ കൊന്നനിൽക്കുന്നതിൽ, കെ.ജെ. തോമസ് കുമളി, തോമസ് ഫിലിപ്പ് വെൺമണി, പോൾ ഗോപാലകൃഷ്ണൻ, സണ്ണി കുര്യൻ, ബി. മോനച്ചൻ കായംകുളം എന്നിവർ പ്രസംഗിക്കും.പാസ്റ്റർ ലോഡ്സൺ ആൻ്റണി, എബ്ബേസ് ജോയി എന്നിവർ സംഗീതശുശ്രൂഷ നിർവ്വഹിക്കും. ജനുവരി 5 വെള്ളിയാഴ്ച രാവിലെ 10 മുതൽ വുമൺസ് ഫെലോഷിപ്പ് മീറ്റിങ്ങിൽ അന്നമ്മ ശമുവേൽ പ്രസംഗിക്കും. 6ാം തീയതി ശനിയാഴ്ച ശുശ്രുഷക സമ്മേളനം രാവിലെ 10 മുതലും 7ാം തീയതി ഞായറാഴ്ച രാവിലെ 9 മുതൽ സംയുക്താരാധന, കർത്തൃമേശയും തുടർന്ന് സമാപന സമ്മേളനവും നടക്കും. പാസ്റ്റർ രാജൻ വി. മാത്യു, പാസ്റ്റർ അനിൽ കുര്യാക്കോസ്, റ്റി.ഡി. ജോർജ്, സി.പി. ജോൺസൺ, മാത്യു കിങ്ങിണിമറ്റം തുടങ്ങിയവർ നേതൃത്വം നൽകും.

### എ.ജി മലബാർ ഡിസ്ട്രിക്ട് കൗൺസിലിന് ഔദ്യോഗിക കൗൺസിലർ



കോഴിക്കോട്: അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്ട് കൗൺസിലിൻ്റെ കൗൺസിലിംഗ് ഡിപ്പാർട്ട്മെൻ്റ് നേതൃസ്ഥാനത്തേക്ക് വി.ആർ രാജേഷ് നിയമിതനായി. വർധിച്ചു വരുന്ന വിവാഹ മോചനത്തിൻ്റെയും, കുടുംബ തകർച്ചയുടെയും പശ്ചാത്തലത്തിലാണ് എക്സിക്യൂട്ടീവ് കമ്മിറ്റി പുതിയ നിയമനം നടത്തിയത്. മലബാറിലെ മുഴുവൻ യുവതീ യുവാക്കളും ഇനി വിവാഹത്തിന് മുമ്പ് കൗൺസിലിങ്ങിന് വിധേയരാകണം.പുൽപ്പള്ളി ഏ.ജി സഭാംഗമായ വി.ആർ രാജേഷ് പുൽപ്പള്ളി പഴശ്ശി രാജ കോളേജിൽ അസിസ്റ്റൻ്റ് പ്രൊഫസറായി ജോലി ചെയ്യുന്നു. മന:ശാസ്ത്രത്തിലും , കൗൺസിലിങ്ങിലും ഉന്നത ബിദുദം നേടിയിട്ടുണ്ട്. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടിയ അദ്ദേഹം അപ്ളൈഡ് സൈക്കോളജിയിലും കൗൺസിലിംഗ് സൈക്കോളജി ആൻ്റ് ഫാമിലി തെറാപ്പിയിലും ങ.ടര. ബിരുദങ്ങൾ നേടി. മെഡിക്കൽ ആൻ്റ് സൈക്യാട്രി സോഷ്യൽ വർക്കിൽ M.Phil. ഉം കരസ്ഥമാക്കി.

### സജി പോളിൻ്റെ മാതാവ് ഏലിയാമ്മ പൗലോസ് നിത്യതയിൽ



കോട്ടയം: പവർവിഷൻ ടിവി ചാനൽ സിഇഒയും ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ (ഐപിസി) മുൻ രാജ്യാന്തര ട്രഷററുമായ സജി പോളിൻ്റെ മാതാവ് മുട്ടമ്പലം മഠത്തിൽക്കാട്ടിൽ ഏലിയാമ്മ പൗലോസ് (92) അന്തരിച്ചു. സംസ്കാരം വ്യാഴം (28/12) 8ന് കഞ്ഞിക്കുഴിയിലുള്ള മകൻ്റെ വസതിയിലെ ശുശ്രൂഷക്ക് ശേഷം 12.30ന് മൂലേടം ഐപിസി സഭാ സെമിത്തേരിയിൽ. കെഎസ്ഇബി റിട്ട. ഉദ്യോഗസ്ഥയാണ്. ഭർത്താവ്: പരേതനായ എം.എം. പൗലോസ് (കെഎസ്ഇബി റിട്ട. ഉദ്യോഗസ്ഥൻ). മറ്റു മക്കൾ: മാത്യു പോൾ, ജേക്കബ് പോൾ, ബ്ലെസി , ലൗലി. മരുമക്കൾ: ജെസി , അശ്വതി, കുഞ്ഞുമോൾ, എബി ഏബ്രഹാം, ബിജു.

### ചെങ്കടലിൽ വീണ്ടും ഡ്രോൺ ആക്രമണം; 25 ഇന്ത്യക്കാർ ഉൾപ്പെട്ട കപ്പലിനെ ആക്രമിച്ചു



വാഷിംഗ്ടൺ:ചെങ്കടലിൽ കപ്പലുകൾക്ക് നേരെയുള്ള ആക്രമണം തുടർക്കഥയാകുന്നു. 25 ഇന്ത്യൻ ക്രൂ അംഗങ്ങളുമായി സഞ്ചരിച്ച ക്രൂഡ് ഓയിൽ ടാങ്കറിനു നേരെ ഡ്രോൺ ആക്രമണമുണ്ടായി. ഹൂതി സായുധ ഗ്രൂപ്പാണ് ആക്രമണത്തിന് പിന്നിലെന്ന് അമേരിക്ക അറിയിച്ചു. ഗാബോൺ ഉടമസ്ഥതയിലുള്ള എംവി സായിബാബ ടാങ്കറിനെതിരെയാണ് ആക്രമണം നടന്നത്. കപ്പലിലെ 25 ഇന്ത്യക്കാരും സുരക്ഷിതരാണെന്ന് നാവികസേന അറിയിച്ചു.

യെമനിലെ ഹൂതികളുടെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളിൽ നിന്ന് ദക്ഷിണ ചെങ്കടലിലെ അന്താരാഷ്ട്ര കപ്പൽപാതകളിലേക്ക് ബാലിസ്റ്റിക് മിസൈലുകൾ തൊടുത്തുവിട്ടതായി അമേരിക്ക പറഞ്ഞിരുന്നു. സായിബാബയെ കൂടാതെ നോർവീജിയൻ പതാകയുള്ള കെമിക്കൽ ഓയിൽ ടാങ്കറായ എം/വി ബ്ലാമനെനു നേരേയും ഡ്രോൺ ആക്രമണമുണ്ടായി. ഒക്ടോബർ 17ന് ശേഷം ഹൂതി വിമതർ നടത്തുന്ന 15ാമത്തെ ആക്രമണമാണിത്. കഴിഞ്ഞദിവസം അറബിക്കടലിൽ ഇന്ത്യൻ തീരത്തിന് സമീപം കപ്പലിന് നേരെ ഡ്രോൺ ആക്രമണം ഉണ്ടായിരുന്നു.

**വിദേശ സഭാ വാർത്തകൾ**

## നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫ്രൻസ് കിക്കോഫ്

കരോലിന: ചഅഇഛഏ 2024 ൻ്റെ കിക്കോഫ് മീറ്റിംഗ്, നോർത്ത് കരോലിനയിലെ ഷാർലെറ്റ് പട്ടണത്തിൽ ജനുവരി 13 ന് നടക്കും. നോർത്ത് അമേരിക്കൻ ദൈവസഭകളുടെ കൂട്ടായ്മയാണ് ചഅഇഛഏ. യൂണിയൻ റോഡ് ചർച്ച് ഓഫ് ഗോഡ് ദൈവസഭയിൽ വച്ച് വൈകുന്നേരം 5 മണിക്കാണ് യോഗം ക്രമീകരിച്ചിരിക്കുന്നത്. പ്രസ്തുത യോഗത്തിൽ പാസ്റ്റർ സതീഷ് കുമാർ ദൈവവചനത്തിൽ നിന്നും സംസാരിക്കും. സഹോ. ബ്ലെസ്സൺ ആൻഡ്രൂസ് സഹോദരി സാറാ ഡാനി എന്നിവർ കാരോലിനാസ് ക്വയറിനോടും അറ്റ്ലാൻ്റാ ക്വയറിനോടും ചേർന്ന് ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകും. സഹോദരി ഷിറിൻ ജോർജ്ജ് നയിക്കുന്ന സംഗീതപരിപാടി ഈ യോഗത്തിൻ്റെ ഒരു പ്രത്യേകതയാണ്. കൂട്ടായ്മയുടെ 27ാമത് വാർഷിക സമ്മേളനം2024 ജൂലൈ 11 മുതൽ 14 വരെ ഷാർലെറ്റിൽ നടക്കുന്നതിനുള്ള വിപുലമായ ക്രമീകരങ്ങൾ കോൺഫറൻസ് കമ്മിറ്റി നടത്തിവരുന്നതായി പ്രസിഡണ്ട് പാസ്റ്റർ സൈമൺ ഫിലിപ്പ് അറിയിച്ചു. ഷാർലെറ്റിലെ ബെഥേൽ ക്രിസ്ത്യൻ ഫെല്ലോഷിപ്പ് ദൈവസഭയുടെ നേതൃത്വത്തിലായിരിക്കും ആതിഥേയത്വം ക്രമീകരിക്കപ്പെടുന്നത്. പ്രസ്തുത യോഗങ്ങളിലേക്ക് ഏവരെ 1യും കർത്തൃനാമത്തിൽ സ്വാഗതം ചെയ്യുന്നതായി ചഅഇഛഏ 2024 ഭാരവാഹികൾ അറിയിച്ചു.

## ക്രിസ്തുമസിന് മുന്നോടിയായി പ്രാർത്ഥന നടത്തി ജെറുസലേമിലെ ക്രൈസ്തവർ



ജെറുസലേം: ക്രിസ്തുമസിന് മുന്നോടിയായി ഗാനങ്ങളും പ്രാർത്ഥനയും നടത്തി ജെറുസലേമിലെ ക്രൈസ്തവർ. ഡിസംബർ 22 വെള്ളിയാഴ്ച, ജെറുസലേമിലെ ലത്തീൻ ഇടവകയായ സെൻ്റ് സേവ്യർ ഇടവകയിലെ ഗായകസംഘങ്ങൾ അവതരിപ്പിച്ച ആരാധനയ്ക്കും ക്രിസ്തുമസ് കരോളിനും പാത്രിയാർക്കീസ് കർദ്ദിനാൾ പിയർബറ്റിസ്റ്റ പിസബല്ല നേതൃത്വം നൽകി. ജാഗരണ പ്രാർത്ഥനയുടെ ആദ്യഭാഗം വചനവായനയും വിചിന്തനവുമായിരിന്നു. നമ്മുടെ ദേശത്തെക്കുറിച്ചുള്ള എല്ലാ വേദനകളും നമുക്ക് യേശുവിലേക്ക് കൊണ്ടുവരാമെന്നും അങ്ങനെ അവൻ തൻ്റെ ഇഷ്ടപ്രകാരം അതിനെ നന്മയും കരുണയുമാക്കി മാറ്റുമെന്ന് കർദ്ദിനാൾ പറഞ്ഞു. ക്രിസ്തുമസ് പുഞ്ചിരിയുടെ നിമിഷമായിരിക്കട്ടെ, കാരണം കർത്താവ് നമ്മോടൊപ്പമുള്ളപ്പോൾ നമുക്ക് ഭയപ്പെടാനൊന്നുമില്ല, ഇത് നമ്മുടെ മുഖത്ത് കാണണമെന്നും ??കർദ്ദിനാൾ പറഞ്ഞു. 1223ൽ സെൻ്റ് ഫ്രാൻസിസ് അസീസ്സി ഒരുക്കിയ ആദ്യ പുൽകൂടിൻ്റെ എണ്ണൂറാം വർഷത്തിൻ്റെ സ്മരണാർത്ഥം 'ക്രിസ്തുമസ് ഓഫ് ഗ്രീസിയോ' എന്ന വിഷയത്തിൽ ഇടവക വികാരിയായ ഫാ. അംജദ് സബ്ബാര ഹ്രസ്വ പ്രഭാഷണം നടത്തി.

## കൗമാരക്കാരുടെ നേരെ നടന്ന ആക്രമണത്തിൽ വിലപിച്ച് നൈജീരിയൻ ക്രൈസ്തവർ

അബൂജ: നൈജീരിയയിലെ പീഠഭൂമിയിലെ ഗനാ റോപ്പ് ഗ്രാമത്തിൽ ബുധനാഴ്ച വൈകുന്നേരം നടന്ന ആക്രമണത്തിൽ 19 കാരനായ ജൂഡ് നിക്കോഡെമസ് കൊല്ലപ്പെടുകയും മറ്റ് രണ്ട് പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ വിലപിച്ച് ക്രൈസ്തവ സമൂഹം. ബാർകിൻ ലാഡി, റിയോം, ബോക്കോസ്, മാംഗു എന്നിവയുൾപ്പെടെ ക്രൈസ്തവർക്കെതിരെ ഭീഷണികളും ആക്രമണങ്ങളും വർധിച്ച പ്രദേശത്താണ് സംഭവം. ക്രിസ്മസിനും പുതുവർഷത്തിനും കൂടുതൽ ആക്രമണങ്ങൾ ഉണ്ടാകുമെന്ന് ഗ്രാമവാസികൾക്ക് നേരത്തെ തന്നെ മുന്നറിയിപ്പ് ലഭിച്ചിരുന്നു. സോളമൻ ദലിയോപ് മവന്തിരിയുടെ നേതൃത്വത്തിൽ ബെറോം യൂത്ത് മോൾഡേഴ്സ് അസോസിയേഷൻ (ബിവൈഎം) അടുത്തിടെ നടന്ന ആക്രമണത്തെ അപലപിച്ചു. പൗരന്മാരെ സംരക്ഷിക്കാൻ കൂടുതൽ കാര്യങ്ങൾ ചെയ്യണമെന്ന് മവന്തിരി സുരക്ഷാ സേനകളോടും സർക്കാർ സേനകളോടും ആവശ്യപ്പെട്ടു. ഇരകൾക്കും അവരുടെ കുടുംബങ്ങൾക്കുമുള്ള ശവസംസ്കാര, ചികിത്സാ ചെലവുകൾ നികത്താൻ സഹായിക്കുന്നതിന് പ്രാദേശിക ഉദ്യോഗസ്ഥർക്ക് ഉത്തരവ് നൽകി. തീവ്രവാദികളായ ഫുലാനിയെന്ന് ആരോപിക്കപ്പെടുന്ന തീവ്രവാദികൾ വ്യാഴാഴ്ച തെക്കൻ കടുനയിലെ ഒരു ഗ്രാമത്തിലും ആക്രമണം നടത്തിയിരുന്നു. സംഭവത്തിൽ ആർക്കും തന്നെ പരിക്കില്ല.


"for there is the sound of abundance of rain."
1 Kings 18:41
GILGAL
CHURCHOF GOD
SHARJAH
CONFERENCE
10:30AM - 01:30PM
CONVENTION
07:30PM - 10:00PM
Message
REV. DR. M.A VARGHESE
DEC
28
THU
SPIRITUAL
RAIN 2023
SHARJAH WORSHIP CENTER
MAIN HALL
For more details:
Rev. Dr. K.O Mathew: +971 50 646 3177

CNL7 MEDIA

# CHRISTIANLIVE DAILY

Vol. 2 Issue 323

24 Sunday Pages 6

694

